**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **29-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ വൈദ്യുതി ബോർഡ് എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നറിയിക്കാമോ; | (എ) | 2019-20–ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം വൈദ്യുതി ബോർഡ് 269.55 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2020-21 വർഷത്തിലെ ആഡിറ്റ് പൂർത്തിയായിട്ടില്ല. |
| (ബി) | 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം, ഉരുൾപൊട്ടൽ, മഹാമാരിയായ കോവിഡിന്റെ ഭാഗമായുണ്ടായ ഇളവുകൾ എന്നിവ മൂലം വൈദ്യുതി ബോർഡിന് എത്ര രൂപയുടെ നഷ്ടമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വൈദ്യുതി ബോർഡിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ബോർഡ് സ്വമേധയാ നൽകിയതു മൂലവും, ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു: 1. 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് / ഡിമാന്റ് ചാർജ്ജിൽ വ്യാവസായിക/ വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്ക് 25% ഇളവുകൾ നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടി ബോർഡിന് ചിലവായിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം, കേന്ദ്ര വൈദ്യുതി ഉൽപാദന നിലയങ്ങളിൽ നിന്നും, PGCIL-ൽ നിന്നും (Power Grid Corporation of India Limited) 54.89 കോടി രൂപ മാത്രമാണ്, കെ.എസ്.ഇ.ബി. ലിമിറ്റഡിനു ലഭ്യമായത്. ഇതു നികത്തി തരണമെന്ന് ആവശ്യപ്പെട്ട് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചുവെങ്കിലും 2020 മാർച്ച് 23 മുതൽ മേയ് 31 വരെയുള്ള കാലയളവിലേക്ക് മാത്രമാണ് ഇളവുകൾക്ക് സാധൂകരണം നൽകിയിട്ടുള്ളത്. ഇതുമൂലം, 18.94 കോടി രൂപ ബോർഡിന്റെ നഷ്ടമായി അവശേഷിക്കുകയാണ്. 2. സിനിമാ മേഖലയ്ക്ക് സ.ഉ(സാധാ) നം.14/2021/ഊ.വ. തീയതി 28.01.2021 ന്റെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകൾ (03/2020 മുതൽ 12/2020 വരെ ഫിക്സഡ്/ ഡിമാന്റ് ചാർജ്ജിൽ നൽകിയ 50% ഇളവുകൾ) |

| | | | |
|---|---|---|---|
| | | | മൂലം 3.28 കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. ഇത് നികത്തി തരുന്നതിന് കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. 3. സ.ഉ(സാധാ) നം. 84/2021/ഊ.വ. തീയതി 28.06.2021 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകൾ (സിനിമാ തീയേറ്ററുകളുടെ ഫിക്സഡ് ചാർജ്ജിൽ ഉള്ള 50% ഇളവും, വാണിജ്യ വ്യാവസായ ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിൽ നൽകുന്ന 25% ഇളവും (മേയ് 2021-ലേക്ക്) നൽകുന്നതു മൂലം 24.37 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത് നികത്തി തരുന്നതിന് റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്; | (സി) | 30.06.2021-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന് വൈദ്യുതി കുടിശ്ശികയിനത്തിൽ 2935.77 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. |
| (ഡി) | ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര സർക്കാർ സ്ഥാപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതെല്ലാമാണെന്നും എത്ര തുകയുടെ കുടിശ്ശികയാണ് ഇത്തരത്തിൽ ഓരോ സ്ഥാപനവും വരുത്തയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ഡി) | കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേന്ദ്ര സർക്കാർ സ്ഥാപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനം, സ്വകാര്യസ്ഥാപനം എന്നിവയുടെ 30.06.2021-ലെ കണക്കുപ്രകാരമുള്ള തൻമാസ കുടിശ്ശിക കൂടി ഉൾപ്പെട്ട പട്ടിക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| | Financial loss assessed in ₹ Lakhs | |
|---|---|---|
| | 2018 | 2019 |
| Generation | 8085 | 1463 |
| Transmission | 2977.13 | 415.72 |
| Distribution | 25255.78 | 22426.76 |
| Total AMT in ₹ lakhs | 36317.91 | 24305.48 |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം II

| | |
|---|---|
| (1) കേന്ദ്ര സർക്കാർ സ്ഥാപനം<br>ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് | 3.08 ലക്ഷം രൂപ |
| (2) കേന്ദ്ര പൊതുമേഖലാ സ്ഥാപനം<br>ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് | 45.94 കോടി രൂപ |
| (3) സ്വകാര്യസ്ഥാപനം<br>ബിനാനി സിങ്ക് ലിമിറ്റഡ് | 46.63 കോടി രൂപ |

**സെക്ഷൻ ഓഫീസർ**